ഹരിജൻ കോളനികൾ.

* 1562. [23] ശ്രീ. ഗോവിന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) ഒരു കൊല്ലം ജില്ലയിൽ ഇപ്പോൾ എത്ര ഹരിജൻ കോളനികളുണ്ട് ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എത്ര കോളനികൾ തുടങ്ങുന്നതിനു് നടപടി സ്വീകരിച്ചു ; എവിടെയെല്ലാം ;

(സി) കുന്നത്തൂർ താലൂക്കിൽ കോളനികൾ പുതുതായി തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാം ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ) :

(എ) ഒൻപതു്.

(ബി) 34 കോളനികൾ തുടങ്ങുന്നതിനു് നടപടി സ്വീകരിച്ചു. തിരുവനന്തപുരം, കൊല്ലം, അലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാടു് എന്നീ ഡിസ്ട്രിക്റ്റുകളിലാണു്.

(സി) കുന്നത്തൂർ താലൂക്കിൽ പുറമ്പോക്കുഭൂമി കിട്ടുമോ എന്ന വിവരം അന്വേഷണത്തിൽ ഇരിക്കയാണു്. പുറമ്പോക്കുഭൂമി കിട്ടുന്നപക്ഷം ശാസ്താംകോട്ട, അടൂർ, പടിഞ്ഞാറെകല്ലട എന്നീ സ്ഥലങ്ങളിൽ കോളനി സ്ഥാപിക്കുന്ന കാര്യം ആലോചിക്കുന്നതാണു്.

ശ്രീ. പി. ടി. ചാക്കോ : കോട്ടയം കോളനിയിൽ ആളുകൾ താമസിച്ചു തുടങ്ങിയിട്ടുണ്ടോ ?

ശ്രീ. പി. കെ. ചാത്തൻ : താമസിച്ചുതുടങ്ങിയിട്ടുണ്ടായിരിക്കണം.

ശ്രീ. കെ. കുഞ്ഞാമു : പാലക്കാടു ജില്ലയിൽ എവിടെയെല്ലാമാണു് കോളനികൾ തുറക്കുന്നതെന്നു പറയാമോ ?

ശ്രീ. പി. കെ. ചാത്തൻ : ചിറ്റൂരും ഒറപ്പാലത്തുമാണു് കഴിഞ്ഞ കൊല്ലം സ്ഥാപിച്ചിട്ടുള്ളതു്.

ശ്രീ. കെ. കുഞ്ഞാമു : ഓരോ സ്ഥലത്തുമുള്ള അഡൈ്വസറി കമ്മിറ്റികൾ നിർദ്ദേശിക്കുന്നതനുസരിച്ചാണോ കോളനികൾക്കു സ്ഥലം എടുക്കുന്നതു് ?

ശ്രീ. പി. കെ. ചാത്തൻ : ഓരോ മണ്ഡലത്തിലെ ഹരിജനങ്ങളുടെ അപേക്ഷകൾ വരുന്നതനുസരിച്ചു് അവിടെ പുറമ്പോക്കുണ്ടെങ്കിൽ അതു കൊടുക്കും. ഇല്ലെങ്കിൽ സ്ഥലം അക്വയർചെയ്തു കൊടുക്കുകയാണു് ചെയ്യുന്നതു്.

ശ്രീ. കെ. കുഞ്ഞാമു : അതാതു ഡിസ്ട്രിക്റ്റിലെ അഡൈ്വസറി കമ്മിറ്റിയോടുകൂടി ആലോചിക്കുന്നുണ്ടോ ?

ശ്രീ. പി. കെ. ചാത്തൻ : അങ്ങനെ ചെയ്യുന്നതിൽ തെറ്റില്ല. വളരെ വേഗം നടക്കാനുള്ള നടപടികൾ നടത്തിക്കാണുന്നുണ്ടു്.

ശ്രീ. പി. ടി. ചാക്കോ : കഴിഞ്ഞകൊല്ലം സ്ഥാപിച്ച കോളനികൾക്കു സ്ഥലം പുറമ്പോക്കിൽ നിന്നാണോ, സ്വകാര്യവ്യക്തികളിൽ നിന്നാണോ എടുത്തിട്ടുള്ളതു് ?

ശ്രീ. പി. കെ. ചാത്തൻ : രണ്ടു തരത്തിലും ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly